(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മില്ലിന് നൽകിയ സാമ്പത്തിക സഹായം എത്ര ; ഈ സംഖ്യ ഏതെല്ലാം ആവശ്യങ്ങൾക്ക് ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) മിൽ ഡയറക്ടർ ബോർഡ് മില്ലിന്റെ നവീകരണത്തിനായി സർക്കാരിന് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) സൗത്ത് ഇന്ത്യാ ടെക്സ്റ്റൈൽ റിസർച്ച് അസോസിയേഷന്റെ (സിട്ര) റിപ്പോർട്ട് അനുസരിച്ച് അധികമായി വന്ന തൊഴിലാളികൾ, സ്റ്റാഫ്, ഓഫീസേഴ്സ് എന്നിവർക്ക് വോളന്ററി റിട്ടയർമെന്റ് സ്കീം (വി.ആർ.എസ്.) നടപ്പിലാക്കി. ഉല്പാദനക്ഷമതയില്ലാത്ത വീവിംഗ് ഡിപ്പാർട്ടുമെന്റ് നിറുത്തലാക്കി. മില്ലിന്റെ അധികമായി വന്ന സ്ഥലവും കെട്ടിടവും വില്പന നടത്തി ധനലക്ഷ്മി ബാങ്കിന് കൊടുക്കുവാനുള്ള കുടിശ്ശിക തീർത്തു. പഞ്ഞി നൽകിയവർക്കും മറ്റും കൊടുക്കുവാനുള്ള കടം കൊടുത്തു തീർത്തു.

(ബി) 1997-98-ൽ 50 ലക്ഷം രൂപ വർക്കിംഗ് ക്യാപ്പിറ്റലായും, 1998-99-ൽ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ഭാഗമായി വി.ആർ.എസ്. നടപ്പിലാക്കുന്നതിന് 275 ലക്ഷം രൂപ ഗ്രാന്റായും നൽകിയിട്ടുണ്ട്. മേൽപറഞ്ഞ സംഖ്യകൾ ഇതേ ആവശ്യങ്ങൾക്കായി ചെലവഴിച്ചു.

(സി) കമ്പനിയുടെ നവീകരണത്തിനായി 823 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതിക്ക് വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ 174 ലക്ഷം രൂപ ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകൾ

45 (2042) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിഹിതത്തോടെ പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിന്റെ കീഴിലുള്ള തൊഴിലാളിക്ഷേമനിധി ബോർഡുകൾ ഏതെല്ലാമാണ് ;

(ബി) ഈ ഓരോ ക്ഷേമനിധി ബോർഡിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ എത്ര ;

(സി) ഈ ബോർഡുകൾ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) റിബേറ്റ് കുടിശ്ശിക, അംശാദായത്തിനുള്ള ഗ്രാന്റ്, മറ്റ് സഹായങ്ങൾ എന്നീ ഇനങ്ങളിലായി ഓരോ ബോർഡുകൾക്കും സർക്കാരിൽ നിന്ന് കിട്ടേണ്ട തുക എത്രയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരള ഖാദി തൊഴിലാളി ക്ഷേമനിധിബോർഡ്, കേരള കയർ തൊഴിലാളിക്ഷേമനിധി ബോർഡ് എന്നീ രണ്ട് ക്ഷേമനിധി ബോർഡുകളാണ് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. 31-3-2000 വരെ 12,892 തൊഴിലാളികൾ കേരളാ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കയർ തൊഴിലാളിക്ഷേമനിധി ബോർഡിനെ സംബന്ധിച്ച വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(സി) കേരള ഖാദി തൊഴിലാളിക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിച്ച 10 വർഷം സർവ്വീസ് പൂർത്തീകരിച്ചതും 60 വയസ് തികഞ്ഞതുമായ തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. കൂടാതെ നൽകുന്ന ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ്.

1. ചികിൽസാനുകൂല്യം – 750 രൂപ
2. പ്രസവാനുകൂല്യം – 750 രൂപ
3. തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ സഹായം – 500 രൂപ
4. ശവസംസ്കാരാനുകൂല്യം – 500 രൂപ

കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന ആനുകൂല്യങ്ങളുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) അംശാദായ ഗ്രാന്റ് ഇനത്തിൽ മാർച്ച് 2000 വരെ 2,44,98,044 രൂപ ഖാദി ക്ഷേമനിധി ബോർഡിന് കിട്ടാനുണ്ട്. കയർ ക്ഷേമനിധി ബോർഡിന്റെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പ് നടത്തിയ വർക്ക്ഷോപ്പുകൾ

46 (2043) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ വകുപ്പ് എത്ര വർക്ക്ഷോപ്പുകൾ നടത്തി ;

(ബി) എവിടെവച്ചെല്ലാമാണ് ഇത് നടത്തിയത് ;

(സി) ഇതിന് ഓരോന്നിനും എന്തു തുക ചെലവായി ;

(ഡി) ഈ വർക്ക്ഷോപ്പുകൾ നടത്തുന്നത് എന്തു ഉദ്ദേശത്തോടുകൂടിയാണ് ;

(ഇ) ഈ ഉദ്ദേശങ്ങൾ എപ്രകാരം സാക്ഷാത്ക്കരിക്കപ്പെടുന്നു എന്ന് വിശദീകരിക്കുമോ ;

(എഫ്) ഈ വർക്ക്ഷോപ്പുകളിൽ പങ്കെടുക്കുന്നവർ സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പ്രത്യേകമായി നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly